# വിരുന്ന്

## മർക്കോസ് 6:21, 40–41

“എന്നാൽ ഹെരോദാവു തന്റെ ജനനോത്സവത്തിൽ തന്റെ മഹത്തുക്കൾക്കും സഹസ്രാധിപന്മാർക്കും ഗലീലയിലെ പ്രമാണികൾക്കും വിരുന്നു കഴിച്ചപ്പോൾ ഒരു തരം വന്നു.”

“പിന്നെ അവൻ അവരോടു: എല്ലാവരെയും പച്ചപ്പുല്ലിൽ പന്തിപന്തിയായി ഇരുത്തുവാൻ കല്പിച്ചു. അവർ നൂറും അമ്പതും വീതം നിരനിരയായി ഇരുന്നു. അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി, അവർക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാർക്കു കൊടുത്തു; ആ രണ്ടു മീനും എല്ലാവർക്കും വിഭാഗിച്ചുകൊടുത്തു.”

വചനഭാഗത്തിൽ കണ്ട രണ്ട് സംഭവങ്ങളും ഏവർക്കും സുപരിചിതമായ ഭാഗം ആകുന്നുവല്ലോ. ആദ്യത്തെ മഹാവിരുന്ന് ഹെരോദാവിന്റെ ജനനോത്സവത്തോടനുബന്ധിച്ച് കൂടിയതായിരുന്നു. എന്നാൽ രണ്ടാമതു കണ്ടത്, വിശന്നു വലഞ്ഞ്, ക്ഷീണിതരായിരുന്ന ഒരു കൂട്ടത്തിനുവേണ്ടി യേശു ഒരുക്കിയ വിരുന്ന് ആയിരുന്നു.

ഇന്നും, ഈ രണ്ടു വിരുന്നുകളും ലോകത്ത് നടക്കുന്നുണ്ട്. ഹെരോദാവിന്റെ കൊട്ടാരത്തിൽ കൂടി വന്നതായ ജനം, അവർക്ക് ഒന്നിനും കുറവില്ലായിരുന്നു. സകല വിധമായ സന്തോഷവും ഉല്ലാസവും അതിന്റെ പാരമ്യതയിൽ തന്നെ അനുഭവിച്ച് തൃപ്തി അടയാം. വിശേഷപ്പെട്ട മേശയ്ക്കു ചുറ്റും, എല്ലാവിധമായ ഭക്ഷ്യവസ്തുക്കളുടെയും കലവറ, ക്ഷണിക്കപ്പെട്ടവർ മാത്രം കടന്നു വന്നതായ അനുഭവം. ജനത്തിനു വേണ്ടുന്നതെല്ലാം അവിടെ ലഭ്യമായിരുന്നു. ലോകസുഖത്തിന്റെയും, സുഭിക്ഷിതയുടെയും സഹ്യമായ ഒരു കാഴ്ചയാണ് വിരുന്നിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. എന്നാൽ ‘യേശു’ മാത്രം അവിടെ സന്നിഹിതനായിരുന്നില്ല. കൂടി വന്ന കൂട്ടത്തിനു, ഭക്ഷിച്ച് തൃപ്തരായി സന്തോഷത്തോടെ കടന്നു പോകാമായിരുന്നു. എന്നാൽ വിരുന്നിൽ എന്ത് സംഭവിച്ചു എന്ന് നമുക്ക് സുപരിചിതമാണല്ലോ. ഒരു തുള്ളി വെള്ളം പോലും തൃപ്തിയോടെ അനുഭവിക്കാൻ ആ ജനത്തിനു ഒരു പക്ഷേ കഴിഞ്ഞിട്ടുണ്ടാകില്ല. വിഷമത്തോടെ, നിരാശയോടെ, ദുഃഖം അലയടിക്കുന്ന ഹൃദയവേദനയോടെ താന്താന്റെ ഭവനത്തിലേക്ക് അവർ കടന്നു പോയിരിക്കാം.

എന്നാൽ രണ്ടാമത് കണ്ടതായ കൂടി വരവ് ഇതിൽ നിന്ന് അല്പം വ്യത്യസ്തമായിരുന്നല്ലോ. അതേ! ഒന്നുമാത്രം മതിയായിരുന്നു. കർത്താവിന്റെ നിർദ്ദേശപ്രകാരം മാത്രമായിരുന്നു ജനം ഭക്ഷിപ്പാൻ ഇരുന്നത്. ക്ഷീണത്തോടെ, ബലഹീനപ്പെട്ടു നിൽക്കുന്ന ജനത്തോടു മനസ്സലിവു തോന്നിയ യേശുവിന്റെ സാന്നിദ്ധ്യം ആ വിരുന്നിനെ സമൃദ്ധമാക്കി. അല്പമേ മതി – അഞ്ച് അപ്പവും രണ്ടു മീനും മാത്രം മതി, കർതൃസാന്നിദ്ധ്യം അതിനെ തീർച്ചയായും വർദ്ധിപ്പിക്കും. ഉള്ളത് കർത്തൃകരങ്ങളിൽ സന്തോഷത്തോടെ ഏൽപ്പിച്ചാൽ അവൻ നിറയ്ക്കും. തൃപ്തിയുടെ പൂർണ്ണതോതിൽ അനുഭവിക്കാൻ തന്നെ വർദ്ധിപ്പിച്ചു തരും.

വചനത്തിൽ ആഴമേറിയ അനേകചിന്തകൾ ഉണ്ടെങ്കിലും ഇന്ന് ഒന്നു മാത്രം നമുക്ക് ചിന്തിച്ചുകൊണ്ട് ഏറ്റെടുക്കാം. കർത്താവിന്റെ സാന്നിദ്ധ്യം ആഗ്രഹിക്കാതെ നാം എന്തൊക്കെ പദ്ധതികൾ മുന്നോട്ടു വച്ചാലും ഹെരോദാവിന്റെ രാജകൊട്ടാരത്തിലെ തിക്തനാവുഭവം ആണ് അന്തിമമായ ഫലം. ഇന്ന് വിവാഹം ഉൾപ്പെടെ എന്തിനൊക്കെ കുടുംബങ്ങളും സമൂഹവും ഒത്തു കൂടിയാലും ദൈവസാന്നിദ്ധ്യം എവിടെ എന്ന് അതിശയിപ്പിക്കുന്ന കാഴ്ചകൾ നമുക്ക് കാണാം. ആർഭാടത്തിനും ജഡിക താല്പര്യങ്ങൾക്കും പലപ്പോഴും വിട്ടുവീഴ്ച ചെയ്യുമ്പോൾ, കർത്തൃസാന്നിദ്ധ്യത്തെ പിന്നോക്കം തള്ളുകയാണെന്ന ഓർമ്മ ഒരു ദൈവപൈതലിനുണ്ടാകണം.

ജീവിതത്തിന്റെ സകല മേഖലകളിലും വിരുന്നിന്റെ നിറവ് അനുഭവിക്കണമെങ്കിൽ യേശുവിന്റെ നിർദ്ദേശപ്രകാരം മാത്രം അതിനായി ഒരുക്കാൻ കൊടുക്കാം. എത്ര ബലഹീനപ്പെട്ടിരുന്നാലും, നമ്മോടു മനസ്സലിവു തോന്നുന്ന അരുമനാഥൻ സദാ നമുക്കുള്ളതുകൊണ്ട് സ്തോത്രം ചെയ്യാം. തൃപ്തി ഇല്ലാത്തിടത്ത് സാത്താന്റെ വിളയാട്ടം ഭയങ്കരമായിരിക്കും. ഹെരോദ്യയ്ക്കും അവളുടെ മകൾക്കും ഒന്നിനും കുറവില്ലായിരുന്നു. എങ്കിലും ഒന്നില്ലായിരുന്നു ഹൃദയത്തിന്റെ തൃപ്തി. അതുകൊണ്ട് പിശാച് കരുവിട്ട ചിന്ത അവളിൽ ആഴമായി കുത്തിയിറങ്ങി. അന്ത്യത്തിൽ ദുഃഖത്തിനും വിനാശത്തിനും ഹേതുവാകുകയും ചെയ്തു.

ഇന്ന് ജീവിതത്തിൽ എന്തെല്ലാമുണ്ടായാലും ജീവിത സാഹചര്യങ്ങളുടെ ഓരോ അനുഭവങ്ങളിലും മനുഷ്യനെ തൃപ്തിപ്പെടുത്താൻ എത്ര സുഭിക്ഷിത കാട്ടി കൂട്ടിയാലും തൃപ്തി അനുഭവിക്കാൻ പറ്റിയില്ലെങ്കിൽ എല്ലാറ്റിനും അവസാനം ശൂന്യത മാത്രം. വിനാശത്തിനും സന്താപത്തിനും ഇടയാകാതെ സകലത്തിലും തിന്നാലും കുടിച്ചാലും പോലും ദൈവനാമത്തിന് മഹത്വം കരേറ്റണം എന്നാണല്ലോ അവന്റെ ഇഷ്ടം. അങ്ങനെയെങ്കിൽ അല്പം മതി, ഉള്ളത് പൂർണ്ണമനസ്സോടെ കർതൃസാന്നിദ്ധ്യത്തിന്റെ സമൃദ്ധിയിലേക്ക് നയിക്കാൻ അവനായി ഏൽപ്പിച്ചു കൊടുക്കാം. ഹെരോദാവിന്റെ കൊട്ടാരത്തിൽ പ്രത്യേകം വിളിക്കപ്പെട്ടവർ മാത്രം. അതായത് അവന്റെ മഹത്തുക്കൾക്കും

സഹസ്രാധിപന്മാർക്കും മാത്രം ഒരുക്കിയ വിരുന്ന് ആയിരുന്നു. എന്നാൽ കർത്താവായ യേശു തന്റെ ജീവന്റെ വചനത്തിനായി ദാഹിച്ചു വരുന്ന സകലർക്കും, ധാരാളമായി തരുവാൻ മതിയായ ദൈവമാകുന്നു. ജീവന്റെ അപ്പത്തെതന്നെ അവൻ നമുക്ക് തന്നിരിക്കുന്നു. ഈ വചന ഭാഗങ്ങളാൽ ഏവരും അനുഗ്രഹിക്കപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരാമർശം :
പുറപ്പാടു 33:14

അതിന്നു അവൻ : എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നൽകും എന്നു അരുളിച്ചെയ്തു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 036**